**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4012** **27-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യ, മാംസ കച്ചവടങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് മത്സ്യ, മാംസ കച്ചവടങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് നൽകുമ്പോൾ പ്രസ്തുത സർട്ടിഫിക്കറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭരണ സമിതിയുടെ അനുമതി ആവശ്യമുണ്ടോ; വിശദമാക്കാമോ? | (എ) | മത്സ്യ - മാംസ കച്ചവടങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് അനുവദിക്കുമ്പോൾ ഭരണസമിതിയുടെ അനുമതി ആവശ്യമാണെന്നത് സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലോ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലോ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരം ഇറച്ചിക്കടകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിനും 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ പ്രകാരം മാർക്കറ്റുകൾക്ക് അനുമതി നൽകുന്നതിനും ഭരണസമിതി തീരുമാനം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ